കേരള സർക്കാർ
സംഗ്രഹം

വനഭൂമി - തൃശൂർ ഡിവിഷൻ - വടക്കാഞ്ചേരി റേഞ്ച് ഭരണിപച്ച റിസർവ്വ് -120 ഏക്കർ ഭൂമി അരബിൾ ഭൂമി പദ്ധതിപ്രകാരം വിതരണം ചെയ്യാൻ ഉത്തരവായത് - പ്രസ്തുത ഭൂമി അതിൽ നിന്നും ഒഴിവാക്കിക്കൊ ുള്ള ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

കൃഷി (വനം - പൊതു) വകുപ്പ്

സർക്കാർ ഉത്തരവ് (എം.എസ്. ) 354/75/കൃ.വ. തീയതി, തിരുവനന്തപുരം, 2-12-1975.

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

പരാമർശം- 1. 24-6-71 ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) 1232/71/അഗ്രി.
2. മുഖ്യ വനം കൺസർവേറ്ററുടെ 29-9-1975 ലെ ജി -2-46500/74-ാം നമ്പർ കത്ത്

ഉത്തരവ്

മുകളിൽ ആദ്യം പരാമർശിച്ചിട്ടുള്ള ഉത്തരവിൽ തൃശൂർ ഡിവിഷനിൽ, വടക്കാഞ്ചേരി റേഞ്ചിൽ ഭരണിപച്ച റിസർവ്വിൽ നിന്നും 120 ഏക്കർ വനഭൂമി വിതരണ പദ്ധതി പ്രകാരം ഭൂരഹിതർക്ക് വിതരണം ചെയ്യാൻ, വൃക്ഷങ്ങൾ വനം വകുപ്പുകാർ മുറിച്ചു മാറ്റിയശേഷം, റവന്യൂ വകുപ്പിലേയ്ക്കു കൈമാറുവാൻ ഉത്തരവായി. എന്നാൽ പ്രസ്തുത പ്രദേശം പരിശോധന നടത്തിയശേഷം സ്ഥിരമായി കൃഷി നടത്തുവാൻ അത് യോഗ്യമല്ല എന്ന തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അരബിൾ പദ്ധതി പ്രകാരമുള്ള വിതരണ പട്ടികയിൽ പ്രസ്തുത പ്രദേശം നീക്കം ചെയ്യണമെന്ന് മുഖ്യ വനം കൺസർവേറ്റർ ഗവൺമെന്റിലേയ്ക്കു ശുപാർശ ചെയ്തിരിക്കുന്നു.

മുഖ്യവനം കൺസർവേറ്ററുടെ റിപ്പോർട്ടിൽ പറയുന്ന വസ്തുതകളുടെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ ശുപാർശ ഗവൺമെന്റ് അംഗീകരിച്ച് മുൻപത്തെ 120 ഏക്കർ ഭൂമി അരബിൾ പദ്ധതി പ്രകാരമുള്ള വിതരണത്തിൽ നിന്ന് ഒഴിവാക്കി മുൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

കെ.കെ.ഗോപാലൻ
ഡെപ്യൂട്ടി സെക്രട്ടറി

1. മുഖ്യ വനം കൺസർവേറ്റർക്ക്
2. തൃശൂർ വനം കൺസർവേറ്റർക്ക്
3. തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക്
4. സെക്രട്ടറി, റവന്യൂ ബോർഡ്, തിരുവനന്തപുരം
5. ജില്ലാ കളക്ടർ, തൃശൂർ
6. റവന്യൂ (പി) വകുപ്പ് (5-11-75ലെ യു.ഒ. നമ്പർ 57620/പി2/75/ നോക്കുക)

ആജ്ഞാനുസരണം

ഒപ്പ്
സെക്ഷൻ ആഫീസർ

Endt. An TR.16154/71 dated 16-12-75

Copy to G1 section for information (G1-12975 Dt. 30-6-75)
Copy to stock file

For Conservator of Forests,
Trichur.